എ.വൈ.ആർ

സൂറഃ-9

# അത്തൗബ

40. ദൈവദൂതനെ നിങ്ങൾ സഹായിക്കുന്നില്ലെങ്കിൽ വേണ്ട. അല്ലാഹു തീർച്ചയായും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്; ദൈവധിക്കാരികൾ അദ്ദേഹത്തെ നാട്ടിൽനിന്നു പുറത്താക്കിയപ്പോൾ, അദ്ദേഹം രണ്ടാളിലൊരുവൻ മാത്രമായിരുന്നപ്പോൾ, രണ്ടാളും ആ ഗുഹയിലായിരുന്നപ്പോൾ, അദ്ദേഹം തന്റെ സഖാവിനെ, 'വ്യസനിക്കരുത്; അല്ലാഹു നമ്മോടൊപ്പമുണ്ട്' എന്ന് സമാശ്വസിപ്പിച്ചപ്പോൾ. ആ സന്ദർഭത്തിൽ അല്ലാഹു അവങ്കൽനിന്നുള്ള സമാധാനം അദ്ദേഹത്തിൽ ചൊരിഞ്ഞു. നിങ്ങൾക്കു കാണാനാവാത്ത പടയാൽ അദ്ദേഹത്തെ ശക്തിപ്പെടുത്തുകയുംചെയ്തു. അങ്ങനെ അവൻ ദൈവധിക്കാരികളുടെ വചനത്തെ അധമമാക്കി. അല്ലാഹുവിന്റെ വചനം, അതു തന്നെയാണത്യുന്നതം. അല്ലാഹു അജയ്യനും അഭിജ്ഞനുമല്ലോ.

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ ٱللَّهُ إِذْ أَخْرَجَهُ ٱلَّذِينَ كَفَرُوا۟
ثَانِىَ ٱثْنَيْنِ إِذْ هُمَا فِى ٱلْغَارِ إِذْ يَقُولُ لِصَـٰحِبِهِۦ لَا تَحْزَنْ إِنَّ ٱللَّهَ
مَعَنَا ۖ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَيْهِ وَأَيَّدَهُۥ بِجُنُودٍ لَّمْ تَرَوْهَا
وَجَعَلَ كَلِمَةَ ٱلَّذِينَ كَفَرُوا۟ ٱلسُّفْلَىٰ ۗ وَكَلِمَةُ ٱللَّهِ هِىَ ٱلْعُلْيَا ۗ وَٱللَّهُ
عَزِيزٌ حَكِيمٌ ﴿٤٠﴾

إِلَّا تَنصُرُوهُ= നിങ്ങൾ അദ്ദേഹത്തെ (ദൈവദൂതനെ) സഹായിക്കുന്നില്ലെങ്കിൽ (വേണ്ട)
فَقَدْ نَصَرَهُ ٱللَّهُ= അല്ലാഹു തീർച്ചയായും അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്
إِذْ أَخْرَجَهُ= അദ്ദേഹത്തെ (നാട്ടിൽനിന്ന്) പുറത്താക്കിയപ്പോൾ ٱلَّذِينَ كَفَرُوا۟= സത്യനിഷേധികൾ, ദൈവധിക്കാരികൾ
ثَانِىَ= രണ്ടാമൻ (അദ്ദേഹം ഒരുവൻ മാത്രമായിരുന്നപ്പോൾ) ٱثْنَيْنِ= രണ്ടാളിൽ إِذْ هُمَا= (ആ) രണ്ടാളും ആയിരുന്നപ്പോൾ
فِى ٱلْغَارِ= ആ ഗുഹയിൽ إِذْ يَقُولُ= അദ്ദേഹം പറയുമ്പോൾ (സമാശ്വസിപ്പിച്ചപ്പോൾ) لِصَـٰحِبِهِۦ= തന്റെ സഖാവി(നെ)നോട്
لَا تَحْزَنْ= വ്യസനിക്കരുത്, വിഷമിക്കേണ്ട إِنَّ ٱللَّهَ= നിശ്ചയമായും അല്ലാഹു مَعَنَا ۖ= നമ്മോടൊപ്പം(ഉണ്ട്)
فَأَنزَلَ ٱللَّهُ= ആ സന്ദർഭത്തിൽ അല്ലാഹു ഇറക്കി (ചൊരിഞ്ഞു) سَكِينَتَهُۥ= അവ(ങ്കൽ നിന്നുള്ള)ന്റെ സമാധാനം
عَلَيْهِ= അദ്ദേഹത്തിന്റെ മേൽ وَأَيَّدَهُۥ= അദ്ദേഹത്തെ ശക്തിപ്പെടുത്തുകയും ചെയ്തു بِجُنُودٍ= ഒരു പടയാൽ
لَّمْ تَرَوْهَا= നിങ്ങൾ അതിനെ കണ്ടിട്ടില്ല (നിങ്ങൾക്കു കാണാനാവാത്ത) وَجَعَلَ= (അങ്ങനെ) അവൻ ആക്കി كَلِمَةَ= വചനത്തെ
ٱلَّذِينَ كَفَرُوا۟= (ദൈവ)ധിക്കാരികളായവരുടെ ٱلسُّفْلَىٰ ۗ= അധമം, താഴ്ന്നത് وَكَلِمَةُ ٱللَّهِ= അല്ലാഹുവിന്റെ വചനം
هِىَ= അത് (തന്നെയാണ്) ٱلْعُلْيَا= അത്യുന്നതമായത് وَٱللَّهُ عَزِيزٌ = അല്ലാഹു അജയ്യനും حَكِيمٌ= അഭിജ്ഞനുമല്ലോ

**40:** വിശ്വാസികൾ ധർമസമരത്തിന് സന്നദ്ധരാകാതിരിക്കുന്നതുകൊണ്ട് അല്ലാഹുവിന് ഒരു ദോഷവും വരാനില്ലെന്നും അവൻ സ്വയംതന്നെ എന്തിനും കഴിവുള്ളവനാണെന്നുമാണല്ലോ മുൻസൂക്തത്തിൽ ഉണർത്തിയത്. തുടർന്ന്, ഇസ്‌ലാമിനെയും ഇസ്‌ലാമിക സമൂഹത്തെയും ശത്രുക്കളിൽനിന്നു രക്ഷിക്കാൻ അവർ പ്രവാചകനെ സഹായിക്കാതിരിക്കുന്നതുമൂലം അദ്ദേഹത്തിനും ദോഷമൊന്നും സംഭവിക്കുകയില്ല എന്നാണ് ഈ സൂക്തത്തിൽ വ്യക്തമാക്കുന്നത്. ദീനുൽ ഇസ്‌ലാം പ്രബോധനം ചെയ്യാൻ അല്ലാഹു നിയോഗിച്ച ദൂതനാണ് പ്രവാചകൻ. അദ്ദേഹം ആ ദൗത്യം പൂർത്തിയാക്കണമെന്ന് അല്ലാഹു തീരുമാ

നിച്ചിരിക്കുന്നു. ആ തീരുമാനം അവൻ നടപ്പിലാക്കുകതന്നെ ചെയ്യും. നിങ്ങളുടെ സഹായത്തെയോ ഔദാര്യത്തെയോ ആശ്രയിച്ചല്ല അതിന്റെ വിജയ പരാജയങ്ങൾ; അല്ലാഹുവിന്റെ നിശ്ചയമാണ് എല്ലാത്തിനും ആധാരം. ഇസ്‌ലാമിക ദൗത്യം വിജയിപ്പിക്കുന്നതിൽ പങ്കാളികളാവുകയാണെങ്കിൽ അതുവഴി നിങ്ങൾക്ക് ഈ ലോകത്ത് മഹത്വം ലഭിക്കും. പരലോകത്ത് സ്വർഗാവകാശികളായിത്തീരുകയും ചെയ്യും. പുറംതിരിഞ്ഞുനിന്നാൽ ഇരുലോകവും നഷ്ടപ്പെടുന്നതും നിങ്ങൾക്കുതന്നെ. ആര് പുറംതിരിഞ്ഞുനിന്നാലും പ്രവാചകനെ അദ്ദേഹത്തിന്റെ ദൗത്യം പൂർത്തീകരിക്കാൻ അല്ലാഹു സഹായിക്കും. അദ്ദേഹം അതു പൂർത്തീകരിക്കുകയും ചെയ്യും. ഇതാണ് إِلَّا تَنصُرُوهُ فَقَدْ نَصَرَهُ ٱللَّهُ എന്ന വാക്യത്തിന്റെ താൽപര്യം.

ഇവിടെ അവരുടെ സഹായത്തെ إِلَّا تَنصُرُوهُ എന്ന് വർത്തമാന ക്രിയയിലും അല്ലാഹുവിന്റെ സഹായത്തെ فَقَدْ نَصَرَهُ ٱللَّهُ എന്ന് ഭൂതകാലക്രിയയിലും പറഞ്ഞത് ശ്രദ്ധേയമാണ്. അവരുടെ സഹായം ഉണ്ടാവുകയും ഉണ്ടാവാതിരിക്കുകയും ചെയ്യാം. പക്ഷേ, പ്രവാചകന്മാർക്കുള്ള അല്ലാഹുവിന്റെ സഹായം നിസ്സന്ദേഹമാണ്. അല്ലാഹു ഒരുകാര്യം ഉണ്ടാകും എന്നുപറഞ്ഞാൽ അതുണ്ടായി കഴിഞ്ഞതിനു തുല്യമാണ്. പണ്ടുമുതലേ പ്രവാചകന്മാർക്ക് ദൈവസഹായം ലഭിച്ചുവരുന്നുണ്ട്. അനുയായികൾ സഹായിച്ചാലും ഇല്ലെങ്കിലും അതു ലഭിച്ചുകൊണ്ടിരിക്കും. പ്രവാചകനും അനുയായികളും എത്രശ്രമിച്ചാലും അല്ലാഹുവിന്റെ സഹായംകൂടി ഉണ്ടെങ്കിലേ അവർക്കു വിജയിക്കാനാവൂ. ഈ അന്ത്യപ്രവാചകനെയും അല്ലാഹു സഹായിച്ചുകൊണ്ടിരുന്നിട്ടുണ്ട്.

അതിന്റെ മികച്ച ഉദാഹരണമായി സൂക്തം ചൂണ്ടിക്കാണിക്കുന്നത് പ്രവാചകന്റെ ഹിജ്റയെയാണ്. ഖുറൈശികളുടെ മർദനം അസഹ്യമായപ്പോൾ മക്കയിലെ മുസ്‌ലിംകൾ ഓരോരുത്തരായി മദീനയിലേക്കു പലായനം ചെയ്തു. ഒടുവിൽ പ്രമുഖ സ്വഹാബികളിൽ വിരലിലെണ്ണാവുന്നവർ മാത്രം മക്കയിൽ അവശേഷിച്ചു. ബാക്കിയുള്ളവർ ഹിജ്റക്കുപോലും പാങ്ങില്ലാത്തവരും ദേശത്യാഗംചെയ്യാൻമാത്രം വിശ്വാസം വളർന്നിട്ടില്ലാത്തവരുമായ ദുർബലരായിരുന്നു. ഈ സാഹചര്യത്തിൽ ഏറെത്താമസിയാതെ മുഹമ്മദും മദീനയിലേക്കു പോകുമെന്ന് ഖുറൈശികൾ മനസ്സിലാക്കി. അദ്ദേഹം മദീനയിലെത്തിയാൽ ഇസ്‌ലാം എന്ന ഈ മഹാവിപത്ത് കൂടുതൽ ഗുരുതരമാകുമെന്ന് അവർ ഭയപ്പെട്ടു. സ്ഥലം വിടുന്നതിനു മുമ്പ് മുഹമ്മദിനെ ഇല്ലാതാക്കുകയാണ് ഏക പരിഹാരം. എല്ലാ ഖുറൈശി ഗോത്രങ്ങളും ചേർന്ന് അതിന് പദ്ധതി തയാറാക്കി. വധത്തിനുള്ള ദിവസവും നിശ്ചയിച്ചു. അതിനിടയിൽ നബി മക്കവിടാതിരിക്കാൻ പ്രവാചകന്റെ വസതിക്കു രാത്രികാലങ്ങളിൽ കാവൽ ഏർപ്പെടുത്തി. ഈ രഹസ്യം നബി(സ) അറിയുന്നുണ്ടായിരുന്നു. കൊലനടത്താൻ നിശ്ചയിച്ച ദിവസം രാത്രി തിരുമേനി തന്റെ ശയ്യയിൽ അലി(റ)യെ കിടത്തി. താൻ പുതക്കാറുള്ള പുതപ്പുകൊണ്ട് അലിയെ പുതപ്പിക്കുകയും ചെയ്തു. പ്രഥമശിഷ്യൻ അബൂബക്കറിനോട് നേരത്തെ വിവരങ്ങൾ പറയുകയും അദ്ദേഹത്തെ സഹയാത്രികനായി സ്വീകരിക്കുകയും ചെയ്തിരുന്നു. അബൂബക്കർ(റ) യാത്രക്കുവേണ്ട ഒരുക്കങ്ങൾ ചെയ്തു. അറേബ്യയിലെ സഞ്ചാര പാതകളെക്കുറിച്ച് നല്ല പരിജ്ഞാനമുള്ള ദൈൽ ഗോത്രജനായ ഉറൈഖിതിനെ വഴികാട്ടിയായി ഏർപ്പാടാക്കി. തങ്ങൾക്കു സഞ്ചരിക്കാൻ രണ്ടു വാഹനങ്ങൾ അയാളെ ഏൽപിക്കുകയും മൂന്നു രാവുകൾക്കുശേഷം അവയുമായി മക്കയുടെ തെക്കെ പ്രാന്തത്തിലെ സൗർ മലമുകളിലുള്ള ഗുഹയുടെ മുന്നിലെത്താൻ നിർദേശിക്കുകയും ചെയ്തു. ഉറൈഖിത് അന്ന് ഇസ്‌ലാം സ്വീകരിക്കാത്ത വിഗ്രഹാരാധകനായിരുന്നു.

മക്കയിലെ പലരും തങ്ങളുടെ വിലപ്പെട്ട പല വസ്തുക്കളും സൂക്ഷിക്കാൻ പ്രവാചകനെ ഏൽപിച്ചിരുന്നു. താൻ സ്ഥലംവിട്ടാലുടൻ അതെല്ലാം അതിന്റെ ഉടമകളെ തിരിച്ചേൽപിക്കാൻ അദ്ദേഹം അലിയെ ചുമതലപ്പെടുത്തി. അനന്തരം ഖുറൈശി കാവൽക്കാരുടെ കണ്ണിൽപെടാതെ തിരുമേനി വീട്ടിൽനിന്നിറങ്ങി. പുറപ്പെടുമ്പോൾ തിരുമേനി ഒരു പിടി മണ്ണുവാരി ഖുറൈശി യുവാക്കൾക്കുനേരെ എറിയുകയും തുടർന്ന് അവർക്ക് അദ്ദേഹത്തിന്റെ പോക്ക് കാണാൻ കഴിയാതാവുകയും ചെയ്തു എന്ന് ഇതേപറ്റി നിവേദനങ്ങളുണ്ട്. പിന്നീട് വീടിന്റെ ദ്വാരത്തിലൂടെ നോക്കിയപ്പോൾ ശയ്യയിൽ കിടക്കുന്ന അലിയെകണ്ട് അത് പ്രവാചകൻ തന്നെ എന്നവർ കരുതി. വധകൃത്യം നടത്താൻ അകത്തു കടന്നപ്പോഴാണ് ആളെ തിരിച്ചറിഞ്ഞത്.

പ്രവാചകൻ അപ്പോഴേക്കും അബൂബക്കറിന്റെ വീട്ടിലെത്തി അദ്ദേഹത്തെയും കൂട്ടി സൗർ ഗുഹയിൽ ചെന്ന് ഒളിച്ചിരുന്നു. അബൂബക്കറിന്റെ പുത്രൻ അബ്ദുല്ലയും പെൺമക്കളായ അസ്മാഉം ആഇശയും അടിമയായ ആമിർ ബ്നു ഫുഹൈറയുമല്ലാതെ മറ്റാരും ഈ രഹസ്യം അറിഞ്ഞില്ല.

താൻ മക്ക വിട്ടതറിഞ്ഞാൽ ഖുറൈശികൾ തന്നെ തെരഞ്ഞു നാനാഭാഗത്തും പരക്കംപായുമെന്ന് പ്രവാചകനറിയാമായിരുന്നു. അതുകൊണ്ട് രണ്ടുമൂന്നുനാൾ സൗർ ഗുഹയിൽ ഒളിച്ചിരുന്ന് ഖുറൈശികളുടെ നീക്കങ്ങൾ മനസ്സിലാക്കുകയും ബഹളം ഒട്ടൊന്നു ശമിക്കുകയും ചെയ്തശേഷം രഹസ്യമാർഗത്തിലൂടെ യാത്ര തുടരാനായിരുന്നു പരിപാടി. അദ്ദേഹത്തിന്റെ കണക്കുകൂട്ടൽ ശരിയായിരുന്നു. മുഹമ്മദ് സ്ഥലം വിട്ടുവെന്ന് അറിഞ്ഞ ഉടൻ തന്നെ അവർ മക്കയിലും പ്രാന്തപ്രദേശങ്ങളിലും അരിച്ചുപെറുക്കി തെരയാൻ തുടങ്ങി. മദീനയിലേക്കുള്ള മാർഗം മക്കയുടെ ഉത്തരഭാഗത്തിലൂടെയാണ്. ആ ഭാഗത്താണ് അവർ മുഖ്യ ശ്രദ്ധ പതിപ്പിച്ചത്. എങ്കിലും കുന്തം പോയാൽ കുടത്തിലും തപ്പണം എന്ന ന്യായേന ദക്ഷിണ ഭാഗത്തെയും ഒഴിവാക്കിയില്ല. തെരച്ചിൽകാർ സൗർ മലയും കയറി. പ്രവാചകനും അബൂബക്കറും ഒളിച്ചിരിക്കുന്ന ഗുഹാമുഖം വരെ അവരെത്തി. ഗുഹാമുഖത്ത് എട്ടുകാലികൾ നിബിഡമായി വലകെട്ടിയിരുന്നു. കൂടാതെ അതിനടുത്ത് ഒരു പ്രാവ് മുട്ടയിട്ട് അടയിരിക്കുന്നതായും കണ്ടു. അടുത്തെങ്ങാനും ആ ഗുഹക്കകത്ത് മനുഷ്യർ കടന്നിട്ടില്ല എന്നതിന്റെ ലക്ഷണമാണത്. അന്വേഷകരിലൊരാൾ ചോദിച്ചു: 'ആ ഗുഹയിലൊന്നു കടന്നു നോക്കണോ?' അപ്പോൾ മറ്റൊരാൾ പറഞ്ഞു: 'എന്തിന്, മുഹമ്മദിനേക്കാൾ പ്രായമുണ്ട് ആ എട്ടുകാലി വലക്ക്.' അവർ ഗുഹക്കകം പരിശോധിക്കാതെ തിരിച്ചുപോയി. ഈ എട്ടുകാലി വലയും പ്രാവിന്റെ സാന്നിധ്യവും മുഹമ്മദ് നബിക്ക് അല്ലാഹു നൽകിയ മുഅ്ജിസത്ത്(ദിവ്യാത്ഭുതം) ആണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹുവിങ്കൽനിന്ന് പ്രവാചകന് ലഭിച്ച അസാധാരണ സഹായമായിരുന്നു അതെന്നതിൽ തർക്കമില്ല. എട്ടുകാലി വലയും പ്രാവും പ്രവാചകൻ ഗുഹക്കുള്ളിൽ കടന്ന ശേഷം പ്രത്യക്ഷപ്പെട്ടതാണെന്നും അതിനുമുമ്പ് അതവിടെ ഉണ്ടായിരുന്നില്ലെന്നുമാണ് പൊതുവിൽ കരുതപ്പെടുന്നത്. എന്നാൽ ചരിത്രകാരനായ ഇബ്നു ഹിശാം ഈ സംഭവം പരാമർശിക്കുന്നില്ല.

താനും പ്രവാചകനും ഗുഹയിൽ ഒളിച്ചിരിക്കുമ്പോൾ അതിന്റെ പരിസരത്ത് ആടുകളെ മേയ്ക്കാൻ അബൂബക്കർ തന്റെ ഇടയനായ ആമിർബ്നു ഫുഹൈറയെ ഏർപ്പാടു ചെയ്തിരുന്നു. സന്ധ്യമയങ്ങിയാൽ ആമിർ ആടുകളെയും കൊണ്ട് ഗുഹാമുഖത്തെത്തി ആടിനെ അറുത്ത് മാംസം നൽകുക

യും പാൽ കറന്നുകൊടുക്കുകയും ചെയ്യും. ഗുഹാവാസികൾക്ക് ഭക്ഷണമെത്തിച്ചിരുന്നത് അബൂബക്കറിന്റെ പുത്രി അസ്മാഅ് ആയിരുന്നു. സായാഹ്നത്തിലായിരുന്നു അവരുടെയും ഗുഹാസന്ദർശനം. അബൂബക്കറിന്റെ പുത്രൻ അബ്ദുല്ല പകൽ മുഴുവൻ ഖുറൈശികൾക്കിടയിൽ ചുറ്റിനടന്ന് അവരുടെ പദ്ധതികളും നീക്കങ്ങളും മനസ്സിലാക്കും; രാത്രികാലത്ത് അദ്ദേഹവും ഗുഹയിലെത്തി എല്ലാം പ്രവാചകനെ അറിയിക്കുകയായിരുന്നു.

മൂന്നാംനാൾ ഖുറൈശികളുടെ പരക്കംപാച്ചിൽ ഒട്ടൊന്നു ശമിച്ചപ്പോൾ ഇബ്നു ഉറൈഖിത് പ്രവാചകനും അബൂബക്കറിനും സഞ്ചരിക്കാനുള്ള ഒട്ടകവുമായി എത്തി. ഒരൊട്ടകം അയാൾക്കുവേണ്ടിയുമുണ്ടായിരുന്നു. പുലർവെളിച്ചം പരക്കുംമുമ്പ് അവർ മക്കവിട്ടു. മക്കാ-മദീനാ സഞ്ചാരികൾ സാധാരണ ഉപയോഗിക്കാറുള്ള വഴി ഉപേക്ഷിച്ച് സാഹിൽ പ്രദേശത്തിലൂടെയാണവർ സഞ്ചരിച്ചത്. ساحل എന്ന പദത്തിനു കടൽത്തീരം എന്നും അർഥമുണ്ട്. അതനുസരിച്ച് ചെങ്കടൽ തീരം വഴിയായിരിക്കണം യാത്ര. മക്കക്കും മദീനക്കും ഇടക്ക് സാഹിൽ എന്ന പേരിൽ ഒരു മലമ്പ്രദേശമുണ്ടെന്നും അതുവഴിയായിരുന്നു ഹിജ്റയെന്നുമാണ് പ്രബലമായ മറ്റൊരു പ്രസ്താവം.

പ്രവാചകനെ മക്കയിൽ തെരഞ്ഞിട്ട് കാണാതിരുന്നപ്പോൾ അദ്ദേഹം മക്കവിട്ടുവെന്നുറപ്പിച്ച് ഖുറൈശികൾ അദ്ദേഹത്തെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടുവരുന്നവർക്ക് നൂറ് ഒട്ടകം ഇനാം പ്രഖ്യാപിച്ചു. അതിനിടയിൽ, താൻ മൂന്നു സഞ്ചാരികളെ വഴിയിൽ കണ്ടുവെന്നും അതു മുഹമ്മദും കൂട്ടുകാരനുമാവാമെന്നും ഒരു യാത്രക്കാരൻ ഖുറൈശികളെ അറിയിച്ചു. അതുകേട്ട സുറാഖതുബ്നു മാലിക് അതുവേറെ ആളുകളാണെന്നുപറഞ്ഞ് അവിടെനിന്ന് പിൻവാങ്ങി. വാസ്തവത്തിൽ അത് പ്രവാചകനും കൂട്ടുകാരും തന്നെയാണെന്ന് അയാൾ ഉറപ്പിച്ചിരുന്നു. അവരെ താൻതന്നെ പിടികൂടി നൂറ് ഒട്ടകങ്ങൾ സ്വന്തമാക്കുകയായിരുന്നു അയാളുടെ ലക്ഷ്യം. സുറാഖ തന്റെ കുതിരപ്പുറത്തുകയറി യാത്രക്കാരൻ പറഞ്ഞ വഴിക്കുവിട്ടു. നേരം സന്ധ്യയോടടുത്തപ്പോഴാണ് പ്രവാചകനും കൂട്ടരും സുറാഖയുടെ കണ്ണിൽപെട്ടത്. ആവേശം മൂത്ത സുറാഖ അവർക്കടുത്തെത്താൻ അതിവേഗം കുതിരയെ ഓടിച്ചു. നേരത്തെ തന്നെ വേഗക്കൂടുതൽകൊണ്ട് ആ കുതിര രണ്ടു തവണ വീണതായിരുന്നു. ഇപ്പോൾ മൂന്നാംതവണയും അത് മൂക്കുകുത്തി മറിഞ്ഞു. സുറാഖയും താഴെ വീണു. സുറാഖ അതൊരു അവലക്ഷണമായി കണ്ടു. ദൈവങ്ങൾക്ക് ഇഷ്ടമില്ലാത്ത പണിയാണ് താൻ ചെയ്യുന്നതെന്നുതോന്നിയ അയാൾ ആ സംരംഭത്തിൽനിന്ന് പിന്തിരിയാൻ തീരുമാനിച്ചു. മുന്നിൽ പോകുന്ന പ്രവാചകനോട് അയാൾ വിളിച്ചു പറഞ്ഞു: "ഒന്നു നിൽക്കൂ, സുറാഖത്ബ്നു മാലിക്ബ്നു ജുഅ്ശും ആണ് ഞാൻ. എനിക്കു നിങ്ങളോട് ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്. നിങ്ങൾക്കു ദ്രോഹകരമായ യാതൊന്നും ഞാൻ ചെയ്യില്ലെന്നുറപ്പു തരുന്നു.'' അവർ അയാൾക്കുനേരെ തിരിഞ്ഞു നിന്നപ്പോൾ, താൻ അവരെ കണ്ടുമുട്ടിയതിനു തെളിവായി ഒരു കുറിപ്പ് എഴുതിക്കൊടുക്കണമെന്ന് അയാൾ ആവശ്യപ്പെട്ടു. പ്രവാചകന്റെ നിർദേശമനുസരിച്ച് അബൂബക്കർ ഒരു എല്ലിൻ കഷ്ണത്തിൽ കുറിപ്പെഴുതി അയാൾക്ക് എറിഞ്ഞുകൊടുത്തു. പ്രവാചകനെ തേടി പുറപ്പെടുന്നവരെ വഴിതെറ്റിക്കാൻ തീരുമാനിച്ചുകൊണ്ട് സുറാഖ മക്കയിലേക്ക് തിരിച്ചുപോന്നു.

കത്തിക്കാളുന്ന സൂര്യനുതാഴെ ചുട്ടുപൊള്ളുന്ന മണൽപ്പരപ്പുകളും അപകടങ്ങൾ പതിയിരിക്കുന്ന കുന്നും മലയും നിറഞ്ഞ ദുർഘട പാതയിലൂടെയായിരുന്നു അവരുടെ സഞ്ചാരം. മിക്കവാറും നിർജ്ജനമായ തിഹാമാ പ്രദേശം. വഴിത്താവളങ്ങളോ അഭയകേന്ദ്രങ്ങളോ ഇല്ല. തങ്ങളുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്നവർ ഊരിയവാളുമായി പിന്നാലെ വരുന്നുണ്ടോ എന്ന ഉൽകണ്ഠ വേറെയും. പകൽ വിശ്രമം, രാത്രിമുഴുവൻ യാത്ര. അങ്ങനെയായിരുന്നു പ്രയാണം. ഒടുവിൽ ആ മൂവർ സംഘം സുരക്ഷിതമായി യസ്രിബിൽ(മദീന) എത്തിച്ചേർന്നു. ഈ യാത്രയിലുടനീളം അല്ലാഹു (അവന്റെ സഹായം) അവരുടെ കൂടെയുണ്ടായിരുന്നു.

വീടുവളഞ്ഞ കൊലയാളികൾക്കിടയിലൂടെ അവരുടെ കണ്ണുവെട്ടിച്ചുള്ള രക്ഷപ്പെടൽ, തന്റെ രക്തത്തിന് ദാഹിച്ചു പരക്കംപായുന്ന ഖുറൈശികൾക്കിടയിൽ തന്നെ മൂന്നുനാൾ സുരക്ഷിതമായി ഒളിച്ചുകഴിയൽ, ഒളി സങ്കേതത്തിന്റെ കവാടം വരെ എത്തിയിട്ടും തെരച്ചിൽ കാരുടെ കണ്ണിൽ പെടാതിരുന്നത്, തെരഞ്ഞുപിടിച്ചുകൊണ്ടുപോകാൻ വന്ന സുറാഖ പ്രവാചകനെ കണ്ടപ്പോൾ രക്ഷകനായി മാറിയത് ഇതൊക്കെ അല്ലാഹുവിന്റെ സവിശേഷ സഹായമായിരുന്നു. ആ യാത്രയിൽ പ്രവാചകനും അബൂബക്കറും ഏറ്റം നിസ്സഹായമായ അവസ്ഥയിലെത്തിയ മുഹൂർത്തമാണ് ഈ സൂക്തം ചൂണ്ടിക്കാണിക്കുന്നത്. പ്രവാചകനെ കണ്ടെത്തിയാൽ വെട്ടിനുറുക്കാനുള്ള രോഷത്തോടെ തെരഞ്ഞുനടന്ന ശത്രുക്കൾ അവർ ഒളിച്ചിരിക്കുന്ന ഗുഹാമുഖത്തെത്തുന്നു. ഒളിച്ചിരിക്കുന്നവർക്കു ആഗതരുടെ സംസാരം കേൾക്കാം, കാൽപെരുമാറ്റം കാണാം. ആരെങ്കിലും ഒരാൾ ഒന്ന് കുനിഞ്ഞുനോക്കിയാൽ........ പരിഭ്രാന്തനായ അബൂബക്കർ(റ) പറഞ്ഞു: 'നബിയേ അവരെങ്ങാനും പാദത്തോളം കുനിഞ്ഞുനോക്കിയാൽ നമ്മെ കണ്ടതുതന്നെ.' പക്ഷേ നബി(സ) ശാന്തനായിരുന്നു. തങ്ങൾക്ക് ലക്ഷ്യത്തിലെത്താൻ നേരത്തെ നിശ്ചയിക്കപ്പെട്ട പടികളിൽ ഓരോന്നും ക്രമപ്രകാരം പിന്നിട്ടുകൊണ്ടിരിക്കുന്നതുപോലെയായിരുന്നു അവിടുത്തെ ഭാവം. പ്രിയശിഷ്യന്റെ മുഖത്ത് പരിഭ്രാന്തിയും നൈരാശ്യവും വിങ്ങുന്നതുകണ്ട് നബി സമാശ്വസിപ്പിച്ചു: 'ഭയപ്പെടേണ്ട, അല്ലാഹു നമ്മോടൊപ്പമുണ്ട്.' അബൂബക്കർ സിദ്ദീഖിന് സ്വന്തം വിശ്വാസദാർഢ്യത്തിലേക്കുണരാനും ശാന്തത കൈവരിക്കാനും ഈയൊരു വാക്കുമതിയായിരുന്നു. ഊരിയ വാളുമായി ഗുഹാമുഖത്തെത്തിയവരുടെ പിന്നിൽ ഒരു രാജ്യം മുഴുവനുമുണ്ടായിരുന്നു; അവരോ ആ രണ്ടുപേർ മാത്രം. അലിയൊഴിച്ചുള്ള പ്രമുഖ വിശ്വാസികളെല്ലാം മദീനയിലേക്ക് പലായനം ചെയ്തിരുന്നതിനാൽ ഗുഹക്കുപുറത്തും അവരെ സഹായിക്കാൻ ആരുമില്ലായിരുന്നു. ആ സന്ദർഭത്തിൽ പ്രവാചകന്റെ ഒരു വാക്കിലൂടെ അബൂബക്കർ(റ)ന് ധൈര്യവും ശാന്തിയും ചൊരിഞ്ഞുകൊടുത്തത് അല്ലാഹുവിന്റെ സവിശേഷമായ സഹായമായിരുന്നു. 'അല്ലാഹു ആ സന്ദർഭത്തിൽ അവങ്കൽനിന്നുള്ള സമാധാനം അദ്ദേഹത്തിൽ ചൊരിഞ്ഞു' -فَأَنزَلَ اللَّهُ سَكِينَتَهُ عَلَيْهِ- എന്നതിലെ 'അദ്ദേഹം' കൊണ്ട് വിവക്ഷ അബൂബക്കർ(റ) ആണ്. മാലിക്ബ്നു അനസ് നിവേദനം ചെയ്തതായി ഇബ്നു മർദവൈഹി ഉദ്ധരിക്കുന്നു: നബി(സ)യും അബൂബക്കറും സൗർ ഗുഹയിൽ കടന്നപ്പോൾ അബൂബക്കർ നബി(സ)യോടു പറഞ്ഞു: 'അവരിലാരെങ്കിലും തന്റെ പാദത്തോളം കുനിഞ്ഞുനോക്കിയാൽ എന്നെയും അങ്ങയെയും കണ്ടതുതന്നെ.' നബി(സ) ചോദിച്ചു: 'താൻ രണ്ടു പേരെന്ന് കരുതുന്നതെന്ത്, മൂന്നാമനായി അല്ലാഹു ഉണ്ടല്ലോ? അബൂബക്കറേ, അല്ലാഹു അവങ്കൽനിന്നുള്ള സമാധാനം നിന്നിൽ ചൊരിഞ്ഞിരിക്കുന്നു. അവർ കാണാത്ത സൈന്യത്താൽ എന്നെ ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു.' ഹബീബ്ബ്നു അബീ സാബിത് പ്രസ്താവിച്ചതായി അൽ ഖത്വീബ് തന്റെ *താരീഖി*ൽ ഉദ്ധരിക്കുന്നു: 'അല്ലാഹു അവങ്കൽനിന്നുള്ള സമാധാനം അദ്ദേഹത്തിൽ ചൊരിഞ്ഞു' എന്നുപ

റഞ്ഞത് അബൂബക്കറിനെ കുറിച്ചാണ്. നബി(സ)യെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിന് സമാധാനം നേരത്തെയുള്ളതാണ്. അല്ലാഹു സൈന്യത്തെ ഇറക്കി കൊടുക്കുന്നതു സംബന്ധിച്ച് *ഖുർആൻ ബോധനം* നേരത്തെ ഈ സൂറയുടെ 26-ാം സൂക്തത്തിനും *അൽ അൻഫാൽ* 66-ാം സൂക്തത്തിനും താഴെ ചർച്ച ചെയ്തിട്ടുണ്ട്. ഇവിടെ 'നിങ്ങൾ കാണാത്ത' എന്നു പറഞ്ഞിട്ടുള്ളതിനാൽ, ഖുറൈശികൾ പ്രവാചകനെ കാണാതിരിക്കാൻ കാരണമായ എട്ടുകാലിവലയോ പ്രാവോ അല്ല അതുകൊണ്ടുദ്ദേശ്യം എന്നു വ്യക്തമാകുന്നു. പ്രവാചകനെയും അബൂബക്കറിനെയും ശത്രുക്കളിൽനിന്ന് രക്ഷിച്ച് മദീനയിലെത്തിക്കാൻ അല്ലാഹു മനുഷ്യന്റെ കാഴ്ചക്കും കണക്കുകൂട്ടലിനും അപ്പുറമുള്ള സജ്ജീകരണങ്ങളും ചെയ്തിരുന്നുവെന്നാണിതിന്റെ താൽപര്യമെന്ന് മൊത്തത്തിൽ മനസ്സിലാക്കാം.

كَلِمَةَന്റെ ഭാഷാർഥം വാക്ക് എന്നാണ്. كلمات ആണ് ബഹുവചനം. വിഷയം, വിധി, നിലപാട്, ആദർശം തുടങ്ങിയ പല അർഥങ്ങളിലും ഉപയോഗിക്കും കലിമ. ആളുകൾ പരസ്പരം സംസാരിക്കുകയും ഓരോരുത്തരും സ്വന്തം മനസ്സിൽ പറയുകയും ചെയ്യുന്ന എല്ലാ കാര്യങ്ങളെയും كَلِمَة എന്നു പറയാമെന്ന് ഭാഷാഭിജ്ഞർ അഭിപ്രായപ്പെട്ടിരിക്കുന്നു. *അൽ ബഖറ* 124-ാം സൂക്തത്തിൽ وَإِذِ ٱبْتَلَىٰٓ إِبْرَٰهِـۧمَ رَبُّهُۥ بِكَلِمَـٰتٍ എന്നു പറഞ്ഞത്, 'നാഥൻ ഇബ്റാഹീമിനെ ചില കൽപനകളാൽ പരീക്ഷിച്ചു' എന്ന അർഥത്തിലാണ്. *അസ്സുഖ്റുഫ്* 28-ാം സൂക്തത്തിലെ وَجَعَلَهَا كَلِمَةًۢ بَاقِيَةً എന്ന വാക്യത്തിനർഥം അത് ഒരു സ്ഥിരം നിലപാട്/ചിഹ്നം ആക്കി എന്നാണ്. تفرّق المسلمون بين كلمتهم എന്നാൽ മുസ്ലിംകൾ അവരുടെ ആദർശത്തിൽ ഭിന്നിച്ചു എന്നും كَلِمَةً طَيِّبَةً എന്നാൽ വിശിഷ്ടമായ ആദർശം എന്നുമാണർഥം. وَكَلِمَةُ ٱللَّهِ ദൈവികാദർശവുമാകാം, അല്ലാഹുവിന്റെ വിധിയുമാകാം. രണ്ടും ഈ സന്ദർഭത്തിൽ യോജിക്കും. സത്യനിഷേധികളുടെ വിശ്വാസാചാരങ്ങളും ഇസ്ലാമിനെതിരെ അവർ നടത്തുന്ന ആസൂത്രണങ്ങളും പ്രവർത്തനങ്ങളും എല്ലാം ഉൾപ്പെട്ടതാണ് كَلِمَةَ ٱلَّذِينَ كَفَرُوا۟. നിഷേധികളുടെ കലിമയെ അല്ലാഹു അധമമാക്കി എന്നാൽ, അവരുടെ വിശ്വാസത്തെയും പദ്ധതികളെയും പരാജയപ്പെടുത്തി. നിഷേധികളുടെ കലിമയെക്കുറിച്ച് 'അതിനെ അധമം ആക്കി' -وَجَعَلَ.......ٱلسُّفْلَىٰ- എന്നു പറഞ്ഞപ്പോൾ, അല്ലാഹുവിന്റെ വചനത്തെക്കുറിച്ച് 'അതുതന്നെയാണ് ഉന്നതം' -هِىَ ٱلْعُلْيَا- എന്നാണ് പറഞ്ഞത്. അത് സ്വാഭാവികമായിത്തന്നെ ഉന്നതമാണ്; പ്രത്യേകം ആക്കേണ്ടതില്ല. കാരണം അജയ്യനും അഭിജ്ഞനുമായ അല്ലാഹുവിന്റെ കലിമയാണത് എന്നാണതിന്റെ ധ്വനി. ■

## തിരുത്ത്

വാരിക വാള്യം 65 ലക്കം 18 (11-10-2008)ലെ *ഖുർആൻ ബോധനത്തിൽ* 34,35 സൂക്തങ്ങളുടെ വിശദീകരണത്തിൽ (പേജ് 23 ഖണ്ഡിക 3) സൂറ *അൽബഖറ* 79-ാം സൂക്തം ഉദ്ധരിച്ചതിൽ وَمَا هُوَ مِنْ عِندِ ٱللَّهِ എന്ന ഭാഗവും 'യഥാർഥത്തിലോ അത് ദൈവത്തിങ്കൽ നിന്നുള്ളതല്ല' എന്ന പരിഭാഷയും ഒഴിവാക്കി വായിക്കേണ്ടതാണ്. സൂറ *ആലുഇംറാനിൽ* ഇതേ വിഷയം പരാമർശിക്കുന്ന 78-ാം സൂക്തത്തിന്റെ ഭാഗമായ പ്രസ്തുത വാക്യം അൽബഖറ 79-ാം സൂക്തത്തോടൊപ്പം അബദ്ധത്തിൽ ചേർത്തുപോയതിൽ ഖേദിക്കുന്നു.

പ്ര.പ